**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1996** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, കളക്ടറേറ്റുകൾ, സബ് കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ, 140 സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, 869 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്നും അപേക്ഷ ലഭിയ്ക്കുന്ന മുറക്ക് ഇ-ഫയൽ സംവിധാനം നടപ്പിലാക്കി വരുന്നു. ഇതിനോടകം ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയ വകുപ്പുകളിൽ / ഓഫീസുകളിൽ, ഇ-ഓഫീസിന്റെ പുതിയ പതിപ്പിലേയ്ക്ക് (ver 7.0) മൈഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ച് വരുന്നു. ഇ-ഓഫീസിലൂടെ തയ്യാറാക്കുന്ന ഉത്തരവുകൾ / കത്തുകൾ മുതലായവ ഇ-ഓഫീസ് മുഖേനെ തന്നെ മറ്റു വകുപ്പുകളിലേക്ക് / ഓഫീസുകളിലേയ്ക്ക് അയക്കുവാനുള്ള സൗകര്യംവും ഇ-ഓഫീസിന്റെ പുതിയ പതിപ്പിൽ ലഭ്യമാണ്. |
| (ബി) | സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നെങ്കിലും ഫയലുകൾ തീർപ്പാക്കാൻ ഇപ്പോഴും കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫയലുകളുടെ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിനായി ഒരു ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞം സർക്കാർ സംഘടിപ്പിക്കുകയും ആയതിലെ കർമ്മപദ്ധതിയുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിലും, വകുപ്പ് തലങ്ങളിലുമായി 54.76 ശതമാനം ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ